110 (1217) മരംകയറ്റ തൊഴിലാളി ക്ഷേമനിധി നടപ്പിലാക്കുവാൻ നടപടി

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള തണ്ടാർ മഹാസഭ 1999 ഏപ്രിൽ 5-ന് സർക്കാരിന് നൽകിയ നിവേദനത്തിലെ വിവിധ ആവശ്യങ്ങളിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) അപകടത്തിനിരയാകുന്ന മരംകയറ്റ തൊഴിലാളിക്കും കുടുംബത്തിനും നൽകിവരുന്ന 10,000/-രൂപ ധനസഹായം കാലാനുസൃതമായി വർദ്ധിപ്പിക്കുവാൻ സർക്കാർ നടപടി എടുക്കുമോ;

(സി) സംസ്ഥാനത്ത് ഒരു മരംകയറ്റ തൊഴിലാളി ക്ഷേമനിധി നടപ്പിലാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) പരിശോധിച്ചുവരുന്നു.

(സി) നടപടി സ്വീകരിച്ചുവരുന്നു.

111 (1218) ഓട്ടോറിക്ഷാ ഡ്രൈവേഴ്സ് ക്ഷേമനിധി

ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓട്ടോറിക്ഷാ ഡ്രൈവേഴസ് ക്ഷേമനിധി സ്കീം പരിഷ്കരിച്ച് വിജ്ഞാപനം ഇറക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ആയത് ഉടനെ നടപ്പാക്കാൻ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉദിക്കുന്നില്ല.

112 (1219) സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം വേതനം

ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ നിശ്ചയിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിലേയ്ക്കായി 10.5.'99-ൽ

LIBRARY ARCHIVES Kerala Legislative Assembly

19664/ഉ1/96/തൊഴിൽ നമ്പർ പ്രകാരം ഒരു പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

113 (1220) വ്യാപാരസ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് ക്ഷേമനിധി

ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാപാരസ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിനുള്ള നിയമനിർമ്മാണം എപ്പോൾ പൂർത്തിയാകും?

ഉത്തരം

(എ) ഉണ്ട്.

(ബി) വ്യാപാരസ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് ക്ഷേമനിധി രൂപീകരിക്കുന്നത് സംബന്ധിച്ച് തയ്യാറാക്കിയ കരട് ആക്ട് സർക്കാർ പരിശോധിച്ചുവരികയാണ്. ഇതിനുള്ള നിയമനിർമ്മാണം ഈ സാമ്പത്തികവർഷത്തിൽതന്നെ നടപ്പിലാക്കാൻ ശ്രമിക്കുന്നതാണ്.

114 (1221) അസംഘടിത മേഖലയിലുള്ള തൊഴിലാളികൾ

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അസംഘടിത മേഖലയിലുള്ള തൊഴിലാളികളെ ഒന്നായോ പ്രത്യേകം പ്രത്യേകമായോ ക്ഷേമനിധിയുടെ പരിധിയിൽ കൊണ്ടുവരാനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുമോ;

(ബി) സംസ്ഥാനത്തെ എല്ലാ തൊഴിൽമേഖലയിലുള്ള തൊഴിലാളികൾക്കും തിരിച്ചറിയൽ കാർഡും തൊഴിൽ വകുപ്പിൽ രജിസ്ട്രേഷനും നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) എല്ലാ തൊഴിലാളികൾക്കും തിരിച്ചറിയൽ കാർഡ് നൽകാൻ ഇപ്പോൾ തൊഴിൽ വകുപ്പിൽ വ്യവസ്ഥകളൊന്നുമില്ല. എന്നാൽ വിവിധ ക്ഷേമ പദ്ധതികളിൽ അംഗങ്ങളായി ചേരുന്ന തൊഴിലാളികൾക്ക് ബന്ധപ്പെട്ട ക്ഷേമനിധി ബോർഡിൽനിന്നും രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും നൽകിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly